**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3541 — 20.10.2016-ൽ മറുപടിയ്ക്ക്

## മലയോര ഹൈവേ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.രാജു എബ്രഹാം :** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മലയോര മേഖലകളെ കൂട്ടിയിണക്കി മലയോര ഹൈവേ നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. കേരളത്തിലെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈവേ നടപ്പാക്കുന്നതിനുവേണ്ടി കാസർകോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് നടപ്പാക്കുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി G.O.(MS)No.44/09/PWD dated 6/7/2009 പ്രകാരം 1195 കി.മി. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ഗതാഗതകുരുക്ക് ഒഴിവാക്കി യാത്ര കൂടുതൽ സുഗമമാക്കുന്നതിന് അനിവാര്യമായ മലയോര ഹൈവേ നിർമ്മിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ഈ പദ്ധതിയുടെ രൂപരേഖ NATPAC ആണ് തയ്യാറാക്കിയിട്ടുള്ളത്. 06.07.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.44/2009/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസർകോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. |

**(സി)** പ്രസ്തുത ഹൈവേയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനായി വേണ്ടിവരുന്ന തുക എത്രയാണ്; ഇത് എവിടെ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

(സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസർകോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. റോഡിന്റെ രൂപരേഖ തയ്യാറാക്കുകയും ഇത് District Flagship Infrastructure Project-ൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ പ്രവൃത്തികൾക്കായി G.O. (Rt)No.7/2016/PWD dated 20/02/2016 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത് കൂടാതെ 1-ാം ഘട്ടത്തിന്റെ ഭാഗമായി വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ - വള്ളിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് 237.20 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്. ഈ പദ്ധതിയുടെ അലൈൻമെന്റ് പ്രകാരം നിലവിലുള്ള റോഡുകൾ സ്ഥലം ഏറ്റെടുത്തുകൊണ്ട് പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലയോര ഹൈവേ നടപ്പാക്കാനാവശ്യമായ ഫണ്ട് കിഫ്ബി വഴി കണ്ടെത്താമെന്ന് ബഹു.മുഖ്യമന്ത്രിയും, ധനകാര്യ മന്ത്രിയും, ബഹു.പൊതുമരാമത്ത് മന്ത്രിയുമായി ചേർന്ന് 2016 August 29-ന്റെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിയമസഭയിലും ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ